(സി) വന്യമൃഗ ശല്യം രൂക്ഷമായ സ്ഥലങ്ങളിൽ സൗരോർജ്ജ വേലി ഉൾപ്പെടെയുള്ള പദ്ധതികൾ വ്യാപിപ്പിക്കുമോ?

കാസർഗോഡ് ജില്ലയിൽ വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ 52.32 കി.മീ. സൗരോർജ്ജ വേലികൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിന് പുറമെ 3.7 കി.മീ. ആന പ്രതിരോധ കിടങ്ങുകളും 1.45 കി.മീ. ആനപ്രതിരോധ മതിലുകളും സ്ഥാപിച്ചിട്ടുണ്ട്. അടുത്ത രണ്ട് സാമ്പത്തിക വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 10 കി.മീ. സൗരോർജ്ജവേലി നിർമ്മാണവും 10 കി.മീ. ആനപ്രതിരോധ കിടങ്ങിന്റെ നിർമ്മാണവും ലക്ഷ്യമിടുന്നുണ്ട്. വന്യമൃഗശല്യം ലഘൂകരിക്കുന്നതിനായി 6 പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുവാൻ പദ്ധതി

170(916) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവികളുടെ ആക്രമണംമൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ ഭൂമി നഷ്ട പരിഹാരം നൽകി ഏറ്റെടുക്കുന്നതിന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. വന്യജീവികളുടെ ആക്രമണംമൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരംനൽകി ഏറ്റെടുക്കുന്നതിന് റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി, കിഫ്ബി ഫേസ്-II എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് 14-11-2019-ലെ ജി.ഒ. (ആർ.റ്റി.) 483/2018/പി&ഇ.എ നമ്പർ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി, 23-1-2020-ലെ ജി.ഒ. (എം.എസ്.) 2/2020/വനം, 2-8-2021-ലെ ജി.ഒ. (എം.എസ്.)12/2021/വനം എന്നീ ഉത്തരവുകൾ പ്രകാരം കിഫ്ബി പദ്ധതിക്കും അനുമതി ലഭിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പ്രധാന പദ്ധതിയാണ് സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം. സ്വയം സന്നദ്ധമാകുന്ന ഒരു അർഹമായ കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ നൽകി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിക്ക് കീഴിൽ 4 വനം ഡിവിഷനുകളിലായി 22 സെറ്റിൽമെന്റുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളുടെയും കിഫ്ബി ഫെയ്സ്-II പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി 501 ആദിവാസി ഇതര കുടുംബങ്ങളെയും വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിക്ക് കീഴിലുള്ള സ്വകാര്യ സെറ്റിൽമെന്റുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പുനരധിവാസവുമായി ബന്ധപ്പെട്ട് ശെന്തുരുണി വനം ഡിവിഷനിലെ കട്ടിളപ്പാറ സെറ്റിൽമെന്റിലെ 50 കുടുംബങ്ങൾക്ക് 7.5 ലക്ഷം രൂപ വീതം ആകെ 3.75 കോടി രൂപ ആദ്യ ഗഡുവായി ഇതിനകം അനുവദിച്ചിട്ടുണ്ട്. കിഫ്ബി ഫെയ്സ്-II പദ്ധതിയിൽ സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം വനം ഡിവിഷനിലെ ചണ്ണമല സെറ്റിൽമെന്റിലെ 10 അർഹതപ്പെട്ട കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ വീതം ആകെ 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം 1.3109 ഹെക്ടർ ഭൂമി വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. തിരുവനന്തപുരം വനം ഡിവിഷനിലെ മറ്റൊരു സെറ്റിൽമെന്റായ വട്ടകരിക്കകം സെറ്റിൽമെന്റിലെ 19 അർഹതപ്പെട്ട കുടുംബങ്ങൾക്ക് 7.5 ലക്ഷം രൂപ വീതം ആകെ 142.5 ലക്ഷം രൂപ ആദ്യ ഗഡുവായി ഇതിനകം അനുവദിച്ചിട്ടുണ്ട്.

കാസർകോട് ജില്ലയിലെ കാട്ടുപന്നി ശല്യം

171(917) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ കാട്ടുപന്നികളെ വെടിവെച്ചു കൊല്ലാൻ വനം വകുപ്പ് നടപടി തുടങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

സ്വകാര്യ കൈവശ സ്ഥലത്തിറങ്ങി കൃഷിക്ക് ഭീഷണിയുയർത്തുന്ന കാട്ടുപന്നികളുടെ വ്യാപനം നിയന്ത്രിക്കുകയെന്ന ഉദ്ദേശ്യത്തോടെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവയെ വെടിവച്ച് കൊല്ലാൻ അനുമതി നൽകിവരുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, തോക്ക് ലൈസൻസുള്ള, കാട്ടുപന്നികളെ വെടിവയ്ക്കാൻ സന്നദ്ധതയുള്ള വ്യക്തികൾക്കും ഉദ്യോഗസ്ഥർക്കും ടിയാന്മാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി വരുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ നാളിതുവരെ 27 പേരെ ഇത്തരത്തിൽ എംപാനൽ ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 29-9-2021 വരെ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ 4 കാട്ടുപന്നികളെ വെടിവെച്ചുകൊന്നിട്ടുണ്ട്.

(ബി) സംരക്ഷിത വനത്തിന്റെ 2 കിലോമീറ്റർ പരിധിയിലുള്ള സ്ഥലങ്ങൾ ഒഴിവാക്കിയിട്ടാണോ പ്രസ്തുത നടപടി എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് കർഷകർക്ക് തിരിച്ചടിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംരക്ഷിത വനത്തിന്റെ 2 കിലോമീറ്റർ പരിധിയിലുള്ള സ്ഥലങ്ങൾ ഒഴിവാക്കിയിട്ടില്ല. എന്നാൽ 2 കിലോമീറ്റർ പരിധിക്കുള്ളിൽ കാട്ടുപന്നികളെ വേട്ട ചെയ്യുന്നതിനായി വിഷ പ്രയോഗം, സ്ഫോടക വസ്തുപ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ, കുരുക്കിട്ടു പിടിക്കൽ എന്നിവയ്ക്ക് അനുമതിയില്ല.